GOVERNMENT OF KERALA

*പത്രക്കുറിപ്പ്* *06.11.2019*

# രാജ്യത്തെ ഏറ്റവും വലിയ മേക്കർ ഫെസ്റ്റിന് ഡിസൈൻ വീക്ക് ആതിഥ്യമരുളും

കൊച്ചി: കേരളത്തിന്റെ സുസ്ഥിര ആസൂത്രണവുമായി ബന്ധപ്പെട്ട് നിർമ്മാണ-സാങ്കേതികവിദ്യയിലെ രൂപകൽപ്പനയെക്കുറിച്ച് ചർച്ച ചെയ്യാൻ യുവ സംരംഭകരും നവീന ആശയദാതാക്കളും ഒത്തു ചേരുന്ന രാജ്യത്തെ ഏറ്റവും വലിയ മേക്കർ ഫെസ്റ്റിന് കൊച്ചി ഡിസൈൻ വീക്ക് ഉച്ചകോടി ആതിഥ്യമരുളും.

കൊച്ചിയിലെ ബോൾഗാട്ടി പാലസിൽ ഡിസംബർ 14 നാണ് മേക്കർ ഫെസ്റ്റ് നടക്കുന്നത്. ഡിസംബർ 12 മുതൽ 14 വരെയാണ് കൊച്ചി ഡിസൈൻ വീക്ക്.

പ്രശസ്തമായ മോട്ടാനി ജഡേജ ഫൗണ്ടേഷനാണ് മേക്കർ ഫെസ്റ്റ് സംഘടിപ്പിക്കുന്നത്. യുവാക്കളിലും വിദ്യാർത്ഥികളിലും നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭകർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും ലക്ഷ്യം വച്ചുള്ളതാണ് ഈ മേള.

സംസ്ഥാനത്തിനുവേണ്ട നിർമാണ സാങ്കേതികവിദ്യയെക്കുറിച്ച് വിശദമായ ചർച്ച നടത്തുകയാണ് ഡിസൈൻ വീക്കിൽ ഉദ്ദേശിക്കുന്നത്. അന്താരാഷ്ട്ര വിദഗ്ധരുൾപ്പെടെ അയ്യായിരത്തിൽപരം പേരാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്. ഇതിന്റെ ഭാഗമായി നടത്തുന്ന മേക്കർ ഫെസ്റ്റിൽ ആശയദാതാക്കൾ, സാങ്കേതിക വിദഗ്ധർ, കലാകാരന്മാർ തുടങ്ങി വിവിധ മേഖലകളിൽ നിന്നുള്ളവർ തങ്ങളുടെ ആശയം, മാതൃക, സംരംഭം എന്നിവ പ്രദർശിപ്പിക്കും

ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഫാബ് ലാബുകളും അടൽ ഇനോവേഷൻ ലാബുകളും പ്രവർത്തിക്കുന്ന കേരളത്തിന ഏറ്റവും വലിയ പ്രോത്സാഹനമാകും മേക്കർ ഫെസ്റ്റെന്ന് സംസ്ഥാന ഇലക്ട്രോണിക്സ്-ഐടി സെക്രട്ടറി ശ്രീ എം ശിവശങ്കർ പറഞ്ഞു.

മേളയിൽ പ്രവൃത്തി പരിചയം, ആളില്ലാവിമാനം പറത്തൽ മത്സരങ്ങൾ, മാതൃകാ വീട് നിർമ്മാണം തുടങ്ങിയ തത്സമയ പ്രതിഷ്ഠാപനങ്ങളുമുണ്ടാകുമെന്ന് കൊച്ചി ഡിസൈൻ വീക്കിന്റെ സ്പെഷ്യൽ ഓഫീസറും മുഖ്യമന്ത്രിയുടെ ഐടി ഫെലോയുമായ അരുൺ ബാലചന്ദ്രൻ പറഞ്ഞു.

പങ്കെടുക്കാനാഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് http://makerfestkerala.com/ എന്ന വെബ്സൈറ്റിലോ makerfestkerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ആകർഷകമായ സമ്മാനങ്ങൾക്ക് പുറമെ തങ്ങളുടെ ഉത്പന്നങ്ങളും മാതൃകകളും മേക്കർ ഫെസ്റ്റിൽ പ്രദർശിപ്പിക്കാൻ അവസരം ലഭിക്കുകയും ചെയ്യും.